ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.10.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. യുദ്ധങ്ങളും വ്യാപാര സംഘർഷങ്ങളും ആഗോള വിലവർധനയ്ക്കും ഭക്ഷ്യ-ഊർജ പ്രതിസന്ധിക്കും കാരണമായേക്കാമെന്ന് അന്താരാഷ്ട്ര നാണയനിധി.

   **The International Monetary Fund warns that wars and trade tensions could lead to a global rise in prices and trigger food and energy crises.**

2. ഷാങ്ഹായ് സഹകരണ സംഘടനയുടെ 25-ാമത് ഭരണസമിതി യോഗം നാളെ മുതൽ തജിക്കിസ്ഥാനിൽ; രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് പങ്കെടുക്കും.

   **The 25th meeting of the Governing Council of the Shanghai Cooperation Organisation begins in Tajikistan tomorrow. Defence Minister Rajnath Singh will participate.**

3. ഹൂതി ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ, സൗദി അറേബ്യയിലെ ഇന്ത്യൻ പൗരന്മാർ സുരക്ഷാനിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് ഇന്ത്യൻ എംബസി.

   **In view of Houthi attacks, the Indian Embassy in Saudi Arabia advises Indian nationals to strictly follow safety guidelines.**

4. സംസ്ഥാന സർക്കാരിന്റെ നീല സമ്പദ്ഘടനാ പദ്ധതിയുടെ ആസ്ഥാനമായി ആലപ്പുഴയിലെ അരൂർ മാറുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

   **Chief Minister V. D. Satheesan says Aroor in Alappuzha will become the headquarters of the State Government's Blue Economy project.**

5. കേരളത്തിൽ മഴ തുടരുന്നു; ഇന്ന് ആറു ജില്ലകളിൽ മഞ്ഞ ജാഗ്രത.

**Rain continues in Kerala; yellow alert issued in six districts today.**

6. ഏഷ്യൻ പാരാ ഗെയിംസിന് ജപ്പാനിലെ ഐച്ചി-നഗോയയിൽ തുടക്കമായി; 17 വയസിൽ താഴെയുള്ള ആൺകുട്ടികളുടെ മലേഷ്യ സ്ക്വാഷ് ജൂനിയർ ഓപ്പണിൽ ഇന്ത്യയുടെ ലോകേഷ് സുബ്രമണിക്ക് കിരീടം.

**The Asian Para Games begin in Aichi-Nagoya, Japan. Meanwhile, India's Lokesh Subramani wins the under-17 boys' title at the Malaysia Squash Junior Open.**

&&&&&&&&&&&&&&&&&&

## IMF- WORLD ECONOMY

യുദ്ധങ്ങൾ, വ്യാപാര സംഘർഷങ്ങൾ, ഊർജ പ്രതിസന്ധികൾ തുടങ്ങിയവ ആഗോള സാമ്പത്തിക സ്ഥിരതയ്ക്ക് വെല്ലുവിളി ഉയർത്തുകയാണെന്ന് അന്താരാഷ്ട്ര നാണയ നിധി. ലോകത്ത് വില വർധനയും ഭക്ഷ്യ-ഊർജ അരക്ഷിതാവസ്ഥയും ഉണ്ടാകാനിടയുണ്ടെന്നും ബാങ്കോക്കിൽ നടന്ന IMF നയരൂപീകരണ സമിതി യോഗം മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&&

## RAJNATH - SCO TAJIKISTAN

ഷാങ്ഹായ് സഹകരണ സംഘടനയുടെ 25-ാമത് ഭരണ സമിതി യോഗത്തിൽ ഇന്ത്യയെ പ്രതിനിധാനംചെയ്ത് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് പങ്കെടുക്കും. തജിക്കിസ്ഥാനിലെ ദുഷാൻബെയിൽ നാളെയാണ് യോഗം ആരംഭിക്കുക. വ്യാപാരം, സമ്പദ്‌വ്യവസ്ഥ, നിക്ഷേപം, കണക്റ്റിവിറ്റി തുടങ്ങിയ മേഖലകളിൽ SCO അംഗരാജ്യങ്ങൾ തമ്മിലുള്ള ബഹുമുഖ സഹകരണം ശക്തിപ്പെടുത്തുകയാണ് രണ്ടു ദിവസത്തെ യോഗം ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&&&&

## NAVARATHRI

രാജ്യമെമ്പാടും നവരാത്രി ആഘോഷങ്ങൾ പുരോഗമിക്കുന്നു. കേരളത്തിലും ആഘോഷങ്ങളുടെ ഭാഗമായുള്ള പരിപാടികൾ നടക്കുകയാണ്. വിവിധ ക്ഷേത്രങ്ങളിലും സ്ഥാപനങ്ങളിലും കുട്ടികളെ എഴുത്തിനിരുത്താനുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിലാണ്. നവരാത്രിയോടനുബന്ധിച്ചുള്ള പൂജ വയ്പ്പ് ചടങ്ങുകൾക്ക് തിരുവനന്തപുരത്ത് തുടക്കമായി.

&&&&&&&&&&&&&&&&&&

## DAY KOLKATA-STAMPEDE

പശ്ചിമ ബംഗാളിൽ ദുർഗാപൂജാ പന്തലിൽ തിക്കിലും തിരക്കിലും പെട്ട് 19 പേർ മരിച്ച സംഭവത്തിൽ ഏഴുപേർ അറസ്റ്റിൽ. കൊൽക്കത്ത ചോർബാഗാനിൽ ഇന്നലെ വൈകിട്ടാണ് അപകടമുണ്ടായത്. സെൻട്രൽ അവന്യൂ ഉൾപ്പെടെ ചോർബാഗാന്റെ പരിസരപ്രദേശങ്ങളിൽ അടുത്ത മൂന്ന് ദിവസത്തേക്ക് കൊൽക്കത്ത പൊലീസ് നിരോധനാജ്ഞ ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## MP-ACCIDENT

മധ്യപ്രദേശിലെ ഗ്വാളിയറിൽ ട്രക്ക് അപകടത്തിൽ മരിച്ചവരുടെ എണ്ണം 14 ആയി. ഇന്നു പുലർച്ചെയായിരുന്നു അപകടം. നെല്ല് കയറ്റിവന്ന ട്രക്ക് നിയന്ത്രണം വിട്ട് ശീതൾമാതാ ക്ഷേത്രത്തിന്റെ പ്രധാന കവാടത്തിലേക്ക് ഇടിച്ചുകയറുകയായിരുന്നു. മരിച്ചവരുടെ കുടുംബത്തിന് 4 ലക്ഷം രൂപ വീതവും, ഗുരുതരമായി പരിക്കേറ്റവർക്ക് 2 ലക്ഷം രൂപവീതവും, പരിക്കേറ്റ മറ്റുള്ളവർക്ക് 50,000 രൂപ വീതവും ധനസഹായം നൽകാൻ മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവ് നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&&

## SAUDI-INDIANS-DIRECTIVES

ഹൂതി ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ, സൗദി അറേബ്യയിലെ ഇന്ത്യൻ പൗരന്മാർ സുരക്ഷാനിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് റിയാദിലെ ഇന്ത്യൻ എംബസി. പരമാവധി വീടുകളിൽ തന്നെ തുടരാനും, ജനലുകൾക്കടുത്തോ തുറസ്സായ സ്ഥലങ്ങളിലോ നിൽക്കരുതെന്നും, ആക്രമണങ്ങളുടെ വീഡിയോയും ഫോട്ടോയും എടുക്കാൻ ശ്രമിക്കരുതെന്നും നിർദ്ദേശമുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ, മക്ക, മദീന, റിയാദ്, കിഴക്കൻ പ്രവിശ്യ എന്നിവിടങ്ങളിൽ 911 എന്ന നമ്പറിലും, സൗദി അറേബ്യയുടെ മറ്റ് ഭാഗങ്ങളിൽ 998 എന്ന നമ്പറിലും ബന്ധപ്പെടാവുന്നതാണ്.

&&&&&&&&&&&&&&&&&&

## WEST ASIA UPDATE

ഹൂതി ആക്രമണം തുടരുന്നതിനിടെ നാല് ഡ്രോണുകൾ വെടിവച്ചിട്ടതായി സൗദി അറേബ്യ. സാങ്കേതിക തകരാർ മൂലം ഹെലികോപ്റ്റർ തകർന്നു വീണു രണ്ടു സേനാംഗങ്ങൾ കൊല്ലപ്പെട്ടതായും സൗദി സഖ്യം അറിയിച്ചു. യെമനിൽ ഏദൻ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഉണ്ടായ മിസൈൽ ആക്രമണത്തിന്റെ ഉത്തരവാദിത്വം ഹൂതി വിമതർ ഏറ്റെടുത്തു.

&&&&&&&&&&&&&&&&&&

## CM KERALAM-INTRO

ആലപ്പുഴ ജില്ലയിലെ അരൂരിനെ സർക്കാരിന്റെ മിഷൻ സമുദ്രയുടെ ഭാഗമായ നീല സമ്പദ്ഘടനാ പദ്ധതിയുടെ ആസ്ഥാനമാക്കി മാറ്റുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. മാക്കേകടവ്-നേരേകടവ് പാലത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

## DRI DRUG

വിപണിയിൽ നൂറു കോടിയിലധികം രൂപ വിലമതിക്കുന്ന അനധികൃത ലഹരിമരുന്ന്, തമിഴ്നാട്ടിലെ നാഗപട്ടണത്തുനിന്ന് പിടികൂടി. നിരോധിക്കപ്പെട്ട സിന്തറ്റിക് ലഹരിമരുന്നായ 'ക്രിസ്റ്റൽ മെത്താംഫെറ്റമിനാ'ണ് ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ് പിടിച്ചെടുത്തത്. ഇതിന് 137 കിലോഗ്രാം തൂക്കംവരും. ശ്രീലങ്കയിലേക്ക് ലഹരിമരുന്ന് കടത്താൻ ശ്രമിച്ച നാല് പേരെ അറസ്റ്റ് ചെയ്തു. ഇതിനായി ഉപയോഗിച്ച വാഹനങ്ങളും 10 ലക്ഷം രൂപയും ഇവരിൽനിന്നു പിടിച്ചെടുത്തു.

&&&&&&&&&&&&&&&&&&

## FSSAI- NOTICE

പാനീയങ്ങളുടെ പരസ്യങ്ങളിലെ പൊരുത്തക്കേടുകൾ ചൂണ്ടിക്കാട്ടി മുൻനിര ഭക്ഷ്യോൽപ്പാദകർക്ക് ദേശീയ ഭക്ഷ്യസുരക്ഷാ ഗുണനിലവാര അതോറിറ്റി നോട്ടീസ് അയച്ചു. ഉൽപ്പന്നങ്ങളുടെ പാക്കിങ്ങിലും, പരസ്യത്തിലും പ്രകടമായ വ്യത്യാസങ്ങൾ കണ്ടെത്തിയതായി അതോറിറ്റി സമൂഹമാധ്യമത്തിൽ കുറിച്ചു. ഭക്ഷ്യോൽപ്പന്നങ്ങളുടെ ലേബലിങ്, പരസ്യങ്ങൾ എന്നിവയിലെ നിയമലംഘനങ്ങൾ സംബന്ധിച്ച്, കമ്പനികളിൽനിന്നു വിശദീകരണം ആവശ്യപ്പെട്ടതായും അതോറിറ്റി അറിയിച്ചു.

&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തെ ജനങ്ങളുമായി ആകാശവാണിയിലൂടെ ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 25 ന്.

പരിപാടിയുടെ 139-ാാം പതിപ്പാണിത്. 'മൻ കീ ബാത്തി'ലേക്കുള്ള നിർദ്ദേശങ്ങൾ MYGOV ഓപ്പൺ ഫോറത്തിലോ, 1800-11-7800 എന്ന ടോൾഫ്രീ നമ്പറിലോ വെള്ളിയാഴ്ച വരെ അറിയിക്കാം.

&&&&&&&&&&&&&&&&&&

## RAIN KERALAM

കേരളത്തിൽ ഇടിമിന്നലോട് കൂടിയ മഴയും ശക്തമായ കാറ്റും തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ ആറു ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## CHENNAI WEATHER

ചെന്നൈയിൽ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥ വകുപ്പ്. വടക്കു-കിഴക്കൻ മൺസൂൺ ശക്തി പ്രാപിച്ചതിനാൽ തമിഴ്നാടിന്റെ ഉൾപ്രദേശങ്ങളിൽ അടുത്ത 48 മണിക്കൂറിൽ ശക്തമായ മഴയുണ്ടാകും. ചെന്നൈ നഗരത്തിൽ കഴിഞ്ഞ 24 മണിക്കൂറിനിടെ 15 സെന്റി മീറ്റർ മഴയാണ് ലഭിച്ചത്. ഈ മാസം 24 വരെ തമിഴ്നാട്ടിൽ മഴ തുടരുമെന്നാണ് പ്രതീക്ഷ.

&&&&&&&&&&&&&&&&&&

## MALAYSIA SQUASH

17 വയസിൽ താഴെയുള്ള ആൺകുട്ടികളുടെ മലേഷ്യ സ്ക്വാഷ് ജൂനിയർ ഓപ്പണിൽ ഇന്ത്യയുടെ ലോകേഷ് സുബ്രമണിക്ക് കിരീടം. ക്വാലാലംപൂരിൽ ഇന്നു നടന്ന ഫൈനലിൽ മലേഷ്യൻ താരത്തെ നേരിട്ടുള്ള ഗെയിമുകൾക്കാണ് ലോകേഷ് തോൽപ്പിച്ചത്.

&&&&&&&&&&&&&&&&&&

## ASIAN PARA GAMES 2026-INTRO

ഏഷ്യൻ പാരാ ഗെയിംസ് 2026-ന് ജപ്പാനിലെ ഐച്ചി-നഗോയയിൽ തുടക്കമായി. 45 ദേശീയ പാരാലിമ്പിക് സമിതികളിൽ നിന്നായി മൂവായിരത്തോളം കായികതാരങ്ങളാണ് മേളയിൽ അണിനിരക്കുന്നത്.

ഒരു റിപ്പോർട്ട് ...

(വോയിസ്)

## ASIAN PARA GAMES 2026-VOICE

ഭിന്നശേഷി താരങ്ങൾക്കായുള്ള ഏഷ്യൻ ഭൂഖണ്ഡത്തിലെ കായിക മാമാങ്കത്തിന്റെ അഞ്ചാം പതിപ്പിനാണ് ഇന്ന് തുടക്കമായത്. ഈ മാസം 24 വരെ നീളുന്ന ഗെയിംസിൽ 18 കായിക ഇനങ്ങളിലായാണ് മത്സരങ്ങൾ. നഗോയയിലെ പലോമ മിസുഹോ സ്റ്റേഡിയത്തിൽ "വാബി: വി ആർ ബ്യൂട്ടിഫുൾ ഇൻഡിവിജ്വൽസ്" എന്ന പ്രമേയത്തിലാണ് ഉദ്ഘാടനച്ചടങ്ങ് നടന്നത്. 168 കായികതാരങ്ങളും 113 ഉദ്യോഗസ്ഥരും സപ്പോർട്ട് സ്റ്റാഫും അടങ്ങുന്ന 281 അംഗ സംഘമാണ് ഇന്ത്യയെ പ്രതിനിധാനംചെയ്യു ഗെയിംസിനെത്തിയത്. ഇതിൽ 112 പുരുഷന്മാരും 56 സ്ത്രീകളും ഉൾപ്പെടുന്നു. 11 ഇനങ്ങളിലാണ് ഇന്ത്യൻ താരങ്ങൾ മത്സരിക്കുക. പാരാ-ബാഡ്മിന്റൺ താരം പ്രമോദ് ഭഗതും സ്പ്രിന്റർ സിമ്രൻ ശർമ്മയുമാണ് ഇന്ത്യൻ പതാക വഹിച്ചത്. ജാവലിൻ ത്രോ താരം സുമിത് അന്തിൽ, ഷൂട്ടർ അവനി ലേഖ്ര, അമ്പെയ്ത്തുതാരം ശീതൾ ദേവി, ടേബിൾ ടെന്നീസ് താരം ഭാവിന പട്ടേൽ തുടങ്ങിയ പ്രമുഖ താരങ്ങൾ ഇന്ത്യൻ സംഘത്തിലുണ്ട്. ഏഷ്യൻ ഗെയിംസിൽ പങ്കെടുക്കാനെത്തിയ കായികതാരങ്ങളെയും ഉദ്യോഗസ്ഥരെയും ജപ്പാൻ പ്രധാനമന്ത്രി സനേ തകൈചി സ്വാഗതം ചെയ്യു. ( ന്യൂസ് ഡെസ്ക് ആകാശവാണി )

&&&&&&&&&&&&&&&&&&

## INDW-ZIMW T20I

ഇന്ത്യ-സിംബാബ്‌വെ വനിത ടി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ടോസ് നേടിയ സിംബാബ്‌വെ ബാറ്റിംഗ് തെരഞ്ഞെടുത്തു. റായ്പ്പൂരിൽ നടക്കുന്ന മൂന്നു മത്സര പരമ്പരയിലെ ആദ്യ കളി ഇന്ത്യ ജയിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## RANJI TROPHY - KERALA

ഒഡിഷയ്ക്കെതിരായ രഞ്ജി ട്രോഫി ക്രിക്കറ്റ് മത്സരത്തിൽ കേരളത്തിന് ഭേദപ്പെട്ട തുടക്കം. ടോസ് നഷ്ടമായി ആദ്യം ബാറ്റ് ചെയ്ത കേരളം സച്ചിൻ ബേബിയുടെ സെഞ്ചുറി മികവിൽ ആദ്യ ദിനം 6 വിക്കറ്റിന് 245 റൺസ് എടുത്തു. സച്ചിൻ ബേബി 112 റൺസെടുത്തു പുറത്തായി. തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## ISL

ISL ഫുട്ബോളിൽ ഇന്നു നടന്ന ആദ്യ മത്സരത്തിൽ ചർച്ചിൽ ബ്രദേഴ്സിനെതിരെ ഈസ്റ്റ് ബംഗാളിന് തകർപ്പ വിജയം. എതിരില്ലാത്ത നാല് ഗോളിനാണ് ഈസ്റ്റ് ബംഗാൾ ജയിച്ചത്. കേരള ബ്ലാസ്റ്റേഴ്സും നോർത്ത് ഈസ്റ്റ് യുണൈറ്റഡുമായുള്ള രണ്ടാം മത്സരം ഗുവാഹാട്ടിയിൽ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&

## SPORTS MEET

68-ാമത് കേരള സംസ്ഥാന സ്കൂൾ കായികമേളയ്ക്കുള്ള ഒരുക്കങ്ങൾ സജീവം. ഈ മാസം 25 മുതൽ 31 വരെ കോഴിക്കോടാണ് കായികമേള. ഇതിനു മുന്നോടിയായുള്ള

സ്വർണക്കപ്പ് ഘോഷയാത്രയ്ക്ക് വ്യാഴാഴ്ച തിരുവനന്തപുരത്തു തുടക്കമാകും.

&&&&&&&&&&&&&&&&&&

## JAPAN-MARS-MOON

ചൊവ്വയുടെ ഉപഗ്രഹങ്ങളിലൊന്നായ ഫോബോസിൽ പഠനം നടത്തുന്നതിനായുള്ള ലോകത്തിലെ ആദ്യ ദൗത്യത്തിനൊരുങ്ങി ജപ്പാൻ. അഞ്ച് വർഷം നീളുന്ന ദൗത്യത്തിന് ചൊവ്വാഴ്ച തുടക്കമാകും. ഇതിനായി എച്ച്-3 റോക്കറ്റ് ഉപയോഗിച്ച് ബഹിരാകാശത്തേക്ക് പേടകം അയക്കും.

&&&&&&&&&&&&&&&&&&

## UKRAINE STRIKE - RUSSIA

റഷ്യക്കുമേൽ വ്യോമാക്രമണം കടുപ്പിച്ച് യുക്രെൻ. ആയിരത്തിലേറെ ഡ്രോണുകളാണ് ഇന്ന് റഷ്യക്കു നേരെ യുക്രെൻ അയച്ചത്. സെയിന്റ് പീറ്റേഴ്സ് ബെർഗിലെ എണ്ണ കയറ്റുമതി ടെർമിനലും യുക്രെൻ നശിപ്പിച്ചു. ആക്രമണത്തിൽ ഒരാൾ മരിച്ചതായും അഞ്ചു പേർക്ക് പരിക്കേറ്റതായും അധികൃതർ അറിയിച്ചു. എന്നാൽ യുക്രെന്റെ 1015 ആളില്ലാവിമാനങ്ങൾ നശിപ്പിച്ചതായി റഷ്യൻ പ്രതിരോധ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

## IRAN WARN - US

ഇറാനുമേൽ കൂടുതൽ ആക്രമണങ്ങൾ നടത്തരുതെന്ന് അമേരിക്കൻ പ്രസിഡൻ്റ് ഡോണൾഡ് ട്രംപിനോട് ആവശ്യപ്പെട്ട് ഇറാൻ്റെ പുതിയ പ്രതിരോധ മന്ത്രി മെഹ്ർദാദ് അഖ്ലാഖി. "മദർ ഓഫ് ഓൾ ബോംബ്സ്" പോലുള്ള ആയുധങ്ങളെ നേരിടാൻ ഇറാൻ എല്ലാ മുൻകരുതലുകളും സ്വീകരിച്ചിട്ടുണ്ടെന്നും, സൈനിക

സജ്ജീകരണത്തിൽ പൂർണ്ണ ആത്മവിശ്വാസമുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**EUROPE-RIOTS**

തൊഴിലില്ലായ്മ, ജീവിതച്ചെലവിലെ വർധന തുടങ്ങിയവ ചൂണ്ടിക്കാട്ടി ബെൽജിയം, ഫ്രാൻസ്, ഇറ്റലി, പോർച്ചുഗൽ തുടങ്ങിയ രാജ്യങ്ങളിൽ പ്രതിഷേധം രൂക്ഷം. ലക്ഷക്കണക്കിനു പേർ തെരുവിലിറങ്ങിയതോടെ യൂറോപ്യൻ യൂണിയനിലെ വിവിധ സർക്കാരുകൾ സമ്മർദ്ദത്തിലായി.

&&&&&&&&&&&&&&&&&&

&&&&&&&&&&&

&&&